ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളിൽ കുറ്റവാളികളെ സാക്ഷികളാക്കാറില്ല. എന്നാൽ ചില അപൂർവ്വം സന്ദർഭങ്ങളിൽ കുറ്റവാളികളെ ഇൻഡ്യൻ തെളിവ് നിയമം 133-ാം വകുപ്പു പ്രകാരം കേസിന്റെ തെളിവിനുവേണ്ടി മാപ്പ് സാക്ഷികളാക്കാറുണ്ട്.

(ബി) ഹൈക്കോടതിയിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനെ സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് പരിശോധനയിലാണ്.

ഹർത്താലിനോടനുബന്ധിച്ച് അക്രമപ്രവർത്തനങ്ങൾ

92 (3282) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജനുവരി 16-ന് യു.ഡി.എഫ് അഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് സംസ്ഥാനത്താകെ വ്യാപകമായി അക്രമപ്രവർത്തനങ്ങൾ നടന്നതായി സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്താകെ എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പൊതു മുതൽ നശിപ്പിച്ചവരിൽ നിന്നും നഷ്ടം ഈടാക്കുവാൻ സർക്കാർ നടപടിയെടുക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചില ആക്രമങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 16-2-2000-ത്തിലെ ഹർത്താലിനോടനുബന്ധിച്ച് അക്രമ പ്രവർത്തനങ്ങളുടെ ഫലമായി 5,17,200 രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്താകെ 56 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പൊതു മുതൽ നശിപ്പിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അഴിമതി അന്വേഷണത്തിന് വിധേയമായ ഐ.എ.എസ്. ഉദ്യോഗസ്ഥർ

93 (3283) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി അന്വേഷണത്തിന് വിധേയമാവുകയും അന്വേഷണ ഏജൻസി സസ്പെൻഷന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ള എത്ര ഐ.എ.എസ്.കാർ ഇപ്പോൾ സംസ്ഥാനത്ത് ജോലി നോക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർ ആരെല്ലാം ; ഏതെല്ലാം തസ്തികകളിലാണ് ജോലി നോക്കുന്നത് ;

(സി) ഇവരുടെ പേരിൽ അന്വേഷണ ഏജൻസി സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്യുവാൻ ശുപാർശ ചെയ്തുവെങ്കിലും ഈ ശുപാർശ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് ;

(ഡി) ബന്ധപ്പെട്ട ഫയലുകളിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ആരും തന്നെ ഇല്ല

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

ക്ഷേത്രജീവനക്കാരെ കൊലപ്പെടുത്തിയ സംഭവം

94 (3284) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിൽ ക്ഷേത്രജീവനക്കാരനെ പട്ടാപ്പകൽ കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് സർക്കാരിന് ലഭിച്ച റിപ്പോർട്ടിന്റെ പൂർണ്ണരൂപം വ്യക്തമാക്കാമോ ;

(ബി) സംഭവം നടക്കുമ്പോൾ പോലീസും ഫയർ ഫോഴ്സും നിഷ്ക്രിയരായി നോക്കിനിന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) മരണപ്പെട്ട ശശികുമാരൻനായരുടെ കുടുംബത്തിന് സർക്കാർ സഹായം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

(ബി) നിഷ്ക്രിയമായി നോക്കി നിന്നതായി അരോപിക്കപ്പെട്ട അഡീഷണൽ എസ്. ഐ. രാധാകൃഷ്ണൻ നായർ, പി.സി.റ്റി. 9100 രാജു, പി.സി.റ്റി. 8153 ശശികുമാർ, പി.സി.റ്റി. 8732 വിജയൻ എന്നീ പോലീസ് ഉദ്യോഗസ്ഥരേയും ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരായ ചെങ്കൽചുള്ള ഫയർ സ്റ്റേഷനിലെ സ്റ്റേഷൻ ആഫീസർ ജി. വിക്രമൻ നായർ, ലീഡിംഗ് ഫയർമാർ എസ്. പുഷ്ക്കരൻ നായർ എന്നിവരേയും അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും എന്നാൽ ടി വിക്രമൻനായരുടെ സസ്പെൻഷൻ പുനഃപരിശോധിക്കണമെന്ന അപേക്ഷയിൻമേൽ വിശദമായ അന്വേഷണം നടത്തിയതിൽ ടിയാൻ കുറ്റക്കാരനല്ല എന്നുകണ്ട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ 22-2-2000 ത്തിൽ ഉത്തരവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly